## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3254 19.06.2019-ൽ മറുപടിയ്ക്ക്.

### പുതുതായി നടപ്പിലാക്കിയ പദ്ധതികൾ

| ചോദ്യം<br>ശ്രീ.പി.സി.ജോർജ് | | മറുപടി<br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ തദ്ദേശസ്വയംഭരണ വകുപ്പ് പുതുതായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ)<br>&<br>(ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഗ്രാമ-ജില്ലാ പഞ്ചായത്തുകൾ തങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ നടപ്പിലാക്കിയ 'വിശപ്പ രഹിത അയ്മനം' പദ്ധതി, ഈ മൂന്ന് ജില്ലകളിലും ഹരിത കേരളം മിഷനുമായി ചേർന്ന് നടപ്പിലാക്കുന്ന ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം, ലൈഫ് ഭവന പദ്ധതി, വിദ്യാലയങ്ങളിലെ സ്മാർട്ട് ക്ലാസ്സ് റൂമുകൾ, ആർദ്രം മിഷൻ പദ്ധതി പ്രവർത്തനങ്ങൾ, പഞ്ചായത്ത് ഓഫീസുകളുടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ, തരിശ് ഭൂമിയിലെ കൃഷി, എന്നിവ ചില ഉദാഹരണങ്ങളാണ്. വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളായ പി.എം.എ.വൈ., പി. എം. ജി. എസ്. വൈ., പി.എം.കെ.എസ്.വൈ., ആർ.ഐ.ഡി.എഫ് തുടങ്ങിയ പദ്ധതികളെക്കൂടാതെ ആധുനിക ഗ്യാസ് ക്രിമിറ്റോറിയം, വയോജന ക്ലബ്ബുകൾ, കുടിവെള്ള പദ്ധതികൾ, സാന്ത്വന പരിചരണം, ക്ഷീരഗ്രാമം, കൃഷിത്തോട്ടം, നിർമ്മലം നിർഭയം (സ്ത്രീ സൗഹൃദ ശുചിത്വ ബ്ലോക്ക്), ഫിസിയോതെറാപ്പി യൂണിറ്റ്, ഭിന്നശേഷിയുള്ളവർക്കായി തൊഴിൽ സംരംഭവും, പരിശീലനവും തുടങ്ങിയ പദ്ധതികൾ പത്തനംതിട്ട ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ വഴി നടപ്പിലാക്കിയിട്ടുണ്ട്. വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളെക്കൂടാതെ ശാരീരിക മാനസിക |
| (ബി) | പ്രസ്തുത ജില്ലകളിൽ നാളിതുവരെ പുതുതായി പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ലെങ്കിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലുള്ള/നടപ്പി ലാക്കുവാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്, നെൽക്കൃഷി വികസനം, സി.എച്ച്.സി. ലബോറട്ടറി നവീകരണം, ചെക്ക് ഡാം നിർമ്മാണം, അംഗൻവാടി കെട്ടിട നിർമ്മാണം, വയോജന ക്ഷേമം ഉറപ്പുവരുത്തുന്നതിന് മന്ദഹാസം പരിപാടി, അംഗൻവാടി കുട്ടികൾക്ക് കലോത്സവം, സൗരോർജ്ജം ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് വൈദ്യുതീകരിക്കൽ, സി.എച്ച്.സി. ആംബുലൻസ് വാങ്ങി നൽകൽ എന്നിങ്ങനെ ഒട്ടേറെ പ്രവൃത്തികൾ ഇടുക്കി ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ വഴി നടപ്പിലാക്കിയിട്ടുണ്ട്. കോട്ടയത്തും വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളെ കൂടാതെ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ്, പെൺകുട്ടികൾക്ക് തായ്ക്കോണ്ടോ പരിശീലനം, സ്കൂളുകളിൽ നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിക്കൽ, വയോജനങ്ങൾക്ക് കൃത്രിമ ദന്തനിര നൽകൽ (മന്ദഹാസം), വാട്ടർ എ.റ്റി.എം., തുടങ്ങി ഉല്പാദന സേവന, പശ്ചാത്തല, പാർപ്പിട മേഖലകളിൽ വിവിധ പ്രവൃത്തികൾ ബ്ലോക്ക് പഞ്ചായത്തുകൾ വാർഷിക പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹണം നടത്തിയിട്ടുണ്ട്. കൂടാതെ വയോമിത്രം പദ്ധതി (വയോജന ക്ഷേമം), ക്ഷീര വികസന വകുപ്പുമായി യോജിച്ച് കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി "ഗവ്യജാലകം പദ്ധതി" വനിതാഗ്രൂപ്പുകൾക്ക് കാലിത്തീറ്റ മിക്സിംഗ് യൂണിറ്റ്, സീവേജ് വേയ്സ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം എന്നിവയും ഉല്പാദന, സേവന, പശ്ചാത്തല, പാർപ്പിട മേഖലയിലെ മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള നിരവധി പ്രോജക്ടുകളും കോട്ടയം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ 2019-2020 വർഷം നടപ്പാക്കുന്നുണ്ട്. കോട്ടയം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ നഗരസഭകൾ വഴി നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ.

## അനുബന്ധം

### 1.പത്തനംതിട്ട

ഈ സർക്കാർ അധികാരമേറ്റ ശേഷം പത്തനംതിട്ട നഗരസഭയിൽ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി നിരവധി പദ്ധതികൾ നടപ്പിലാക്കി. മുനിസിപ്പൽ പാർക്ക് നവീകരണം, ആധുനിക അറവുശാല നിർമ്മാണം, സ്റ്റേഡിയത്തിന്റെ നവീകരണം, നഗരത്തിലെ വിവിധ മുനിസിപ്പൽ റോഡുകളുടെ പുനരുദ്ധാരണം പുതിയ കലിങ്കുകൾ, പാലങ്ങൾ, സ്കൂളുകൾ, അംഗൻവാടികൾ, മറ്റു ഘടകസ്ഥാപനങ്ങൾ എന്നിവയുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും ടി സ്ഥാപനങ്ങളിലേയ്ക്ക് ആവശ്യമായ ഫർണ്ണിച്ചറുകളും കമ്പ്യൂട്ടറുകളും വാങ്ങിനൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ പൂവൻപാറ, വലിയേന്തി, എഴുപുര മുരുപ്പ് എന്നി കുടിവെള്ള പദ്ധതി ഉൾപ്പെടെ മൂന്നര കോടി രൂപ യുടെ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിവിധ ഓടകളും, തോടുകളും വൃത്തിയാക്കി മാലിന്യ വിമുക്തമാക്കുകയും നഗരത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ യൂണിറ്റ്, പ്ലാസ്റ്റിക് ഷ്രെഡിങ് യൂണിറ്റ് , ബഡ് സ് സ്കൂൾ ,കൃഷി ഭവൻ പബ്ലിക്ക് ടോയ് ലറ്റ്, രാത്രികാല അഭയകേന്ദ്രം , ആധുനിക വെറ്റിനറി, ആയുർവേദ ആശുപത്രി, ഷീ ലോഡ്ജ്, നഗരസഭ ഓഫീസ് നവീകരണം എന്നിവയും നടപ്പിലാക്കുകയും ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും നഗരസഭാ മേഖല ഓഫീസ് ആരംഭിക്കുകയും ചെയ്തു.

### 2.തിരുവല്ല

തിരുവല്ല നഗരസഭയിൽ ഷീ ലോഡ്ജ് നിർമ്മാണം, ദുരന്ത നിവാരണം, ടാസ്ക് ഫോഴ്സ് രൂപീകരണം, ദുരന്തനിവാരണ സാമഗ്രികൾ വാങ്ങൽ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

### 3.അടൂർ

പറക്കോട് മാർക്കറ്റ് നവീകരണം, പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ സ്ഥാപിക്കൽ, സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം, കുടുബശ്രീ യൂണിറ്റ് വഴി സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണ വിതരണം, ഓഫീസ്, സ്കൂൾ, കോളനി എന്നിവിടങ്ങളിൽ എയ്റോബിക് ബിൻ (ബയോ ബിൻ) സ്ഥാപിക്കൽ, അടൂർ ജനറൽ ആശുപത്രി നവീകരണം, പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം, വിവിധ വാർഡുകളിലെ റോഡ്, കലുങ്ക് നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

### 4.പന്തളം

പന്തളം നഗരസഭയിൽ ബഡ്സ് സ്കൂൾ ആരംഭിച്ചു. നഗരത്തിന്റെ വിവിധയിടങ്ങളിൽ സി.സി.ടി.വി ക്യാമറ, പ്ലാസ്റ്റിക്ക് ഷ്രഡിംഗ് യൂണിറ്റ്, ബെയിലിംഗ് യൂണിറ്റ്, വിവിധ സ്കൂളുകളിൽ ഷീ പാഡ് എന്നിവ സ്ഥാപിച്ചു. മുട്ടാർ നീർച്ചാൽ ശുചീകരിച്ചു. പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്, സൈക്കിൾ എന്നിവ വിതരണം ചെയ്തു. വിവിധ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം സ്ഥാപിച്ചു. സ്കൂളുകൾ, അംഗൻവാടികൾ, മറ്റു ഘടകസ്ഥാപനങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികളും, ടി സ്ഥാപനങ്ങൾക്ക് ആവശ്യമായ ഫർണ്ണിച്ചറുകളും കമ്പ്യൂട്ടറുകളും, ഇൻവർട്ടർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, മറ്റ് അനുബന്ധ സാധനങ്ങളും വാങ്ങിനൽകുകയും ചെയ്തിട്ടുണ്ട്. വിവിധ റോഡുകളുടെയും, കലുങ്കുകളുടെയും നിർമ്മാണം, പുനരുദ്ധാരണം എന്നിവ നിർവ്വഹിച്ചു.

**5.കോട്ടയം**

കോട്ടയം നഗരസഭാ പ്രദേശത്ത് ജൈവ മാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിന് വേണ്ടി തുമ്പൂർമൂഴി മോഡൽ ബയോ ബിൻ സ്ഥാപിച്ചു. നഗരസഭാ പ്രദേശത്ത് മാലിന്യ നിർമ്മാർജ്ജനത്തിനായി കോടിമതയിൽ എം.ആർ.എഫ് യൂണിറ്റ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നഗരസഭാ പരിധിയിൽ പഴയ പോലീസ് സ്റ്റേഷൻ മൈതാനം, തിരുനക്കരമൈതാനം, നാഗമ്പടം ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിൽ ഷീ ടോയിലറ്റ് സ്ഥാപിച്ചു. കോടിമതയിൽ എ ബി സി പ്രോഗ്രാം നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു.

**6.പാല**

പൂതക്കുന്ന്, പ്ലാത്താനം എന്നീ കുടിവെള്ളപദ്ധതികൾ ആരംഭിച്ചു. പൊതുടോയ് ലെറ്റുകൾ, ഷീ ടോയ് ലെറ്റുകൾ, വെയ്സ്റ്റ് നിരീക്ഷണ ക്യാമറകൾ എന്നിവ സ്ഥാപിച്ചു. നഗരസഭാ സ്റ്റേഡിയം പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കി. ശുചീകരണമേഖലയുമായി ബന്ധപ്പെട്ട് പ്ലാസ്റ്റിക്ക് ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിനും പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും ഹരിതകർമ്മസേനയുടെ പ്രവർത്തനം ആരംഭിച്ചു. എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിച്ചു.

**7.ഏറ്റുമാനൂർ**

നഗരസഭ വിവിധ വാർഡുകളിൽ മിനി മാസ്റ്റ്, സോളാർ ലൈറ്റ് എന്നിവ സ്ഥാപിച്ചു, ജെൻറർ റിസോഴ്സ് സെൻററിൻറ ഭാഗമായി വനിത ഹെൽത്ത് ക്ലബ്, വനിതാ യോഗ സെന്റർ, വനിതകൾക്ക് കരാട്ടെ പരിശീലനം, വയോമിത്രം പദ്ധതി എന്നിവ ആരംഭിച്ചു. എസ്.സി നേഴ്സറി സ്കൂൾ നവീകരിച്ചു. വിവിധ സ്കൂളുകളിൽ നാപ്കിൻ വെൻറിംഗ് മെഷീൻ സ്ഥാപിച്ചു. ഏറ്റുമാനൂർ ടൗൺ കുടിവെള്ള പദ്ധതിക്ക് കുളം നിർമ്മിച്ചു. ഷോപ്പിംഗ് കോംപ്ലക്സ് കം മൾട്ടി പ്ലക്സ് തീയേറ്റർ, കംഫർട്ട് സ്റ്റേഷൻ, ഗ്യാസ് ക്രിമറ്റോറിയം, പ്ലാസ്റ്റിക് ഷെഡ്രിംഗ് യൂണിറ്റ്, ആർ.ആർ.എഫ്, തുമ്പൂർമൂഴി , സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ്, പുതിയ മുനിസിപ്പൽ ഓഫീസ് എന്നിവയുടെ നിർമ്മാണം മുതലായവ നിർവ്വഹണത്തിൽ ഇരിക്കുന്ന പദ്ധതികളാണ്.

**8.ഈരാറ്റുപേട്ട**

ഈരാറ്റുപേട്ട നഗരസഭാ പ്രദേശത്ത് ജൈവ മാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിന് വേണ്ടി തുമ്പൂർമൂഴി മോഡൽ ബിൻ സ്ഥാപിച്ചു. ഐ.പി ബ്ലോക്ക്, മാർക്കറ്റ്ഷോപ്പിംഗ് കോംപ്ലക്സ്, വിവിധ വാർഡുകളിൽ റോഡുകളുടെ നിർമ്മാണം എന്നിവയും നടപ്പിലാക്കി. എൽ.ഇ.ഡി. തെരുവ് വിളക്കുകളും ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിച്ചു.

**9.ചങ്ങനാശ്ശേരി**

ചങ്ങനാശ്ശേരി നഗരസഭയിൽ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ആയിരത്തോളം പദ്ധതികൾ നടപ്പിലാക്കി. മുനിസിപ്പൽ പാർക്ക്, വേഴയ്ക്കാട് ബസ് സ്റ്റാന്റുകൾ (നമ്പർ1, നമ്പർ2), മത്സ്യമാർക്കറ്റ്, പച്ചക്കറി മാർക്കറ്റ്, സ്റ്റേഡിയം എന്നിവയുടെ നവീകരണം, നഗരത്തിലെ വിവിധ മുനിസിപ്പൽ റോഡുകളുടെ പുനരുദ്ധാരണം, പുതിയ കലിങ്കുകൾ , പാലങ്ങൾ, ആധുനിക അറവുശാല എന്നിവയുടെ നിർമ്മാണം, സ്കൂളുകൾ, അംഗൻവാടികൾ, മറ്റു ഘടകസ്ഥാപനങ്ങൾ എന്നിവയുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും ചെയ്യുകയും ടി സ്ഥാപനങ്ങളിലേയ്ക്ക് ആവശ്യമായ ഫർണ്ണിച്ചറുകളും കമ്പ്യൂട്ടറുകളും വാങ്ങിനൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഹരിതകേരള മിഷന്റെ ഭാഗമായി നഗരത്തിലെ പ്രധാന ജല സംഭരണ

കേന്ദ്രമായ വേഴയ്ക്കാട്ട്ചിറ കുളം നവീകരിച്ച് വേഴയ്ക്കാട് ടൂറിസം പദ്ധതി നടപ്പിലാക്കി. വിവിധ ഓടകളും, തോടുകളും വൃത്തിയാക്കി മാലിന്യ വിമുക്തമാക്കി. നഗരത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ എയ്റോബിക്, കമ്പോസ്റ്റ് യൂണിറ്റ്, പബ്ലിക്ക് ടോയ് ലറ്റ്, വേഴയ്ക്കാട് ഷോപ്പിംഗ് കോംപ്ലക്സ്, പകൽ വീട്, ആധുനിക വെറ്റിനറി ആശുപത്രി, ഷീ ലോഡ്ജ്, നഗരസഭ ഓഫീസിൽ പുതിയ കൗൺസിൽ ഹാൾ എന്നിവയുടെ പണികൾ അന്തിമ ഘട്ടത്തിലാണ് .

**10. വൈക്കം**

മുനിസിപ്പൽ പാർക്ക് നവീകരണം, ബീച്ച് സൗന്ദര്യവത്കരണം, ആധുനിക ശ്മശാന നവീകരണം, ദളവാക്കുളം ബസ് സ്റ്റാൻറ് നവീകരണം, വൈക്കം - തവണക്കടവ് ജങ്കാർ പുനസ്ഥാപിക്കൽ, വിവിധ വാർഡുകളിൽ റോഡുകൾ, കലിങ്കുകൾ, എന്നിവയുടെയും 2 അംഗൻവാടികളുടെ നിർമ്മാണം തുടങ്ങിയ പദ്ധതികൾ വൈക്കം നഗരസഭയിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം നടപ്പാക്കിയിട്ടുണ്ട്.

**11. തൊടുപുഴ**

തൊടുപുഴ നഗരസഭയിൽ കിണർ റീചാർജ്ജിംഗ്, വീടുകളിലെ മാലിന്യ സംസ്ക്കരണത്തിനായി ബയോപോട്ട്, പൈപ്പ് കമ്പോസ്റ്റ്, നഗരസഭാ ഓഫീസിൽ സോളാർ പാനൽ, മാർക്കറ്റിൽ ബയോഗ്യാസ് പ്ലാന്റ്, LED ലൈറ്റ്, അനധികൃത മാലിന്യ നിക്ഷേപം കണ്ടെത്തുന്നതിന് ക്യാമറ എന്നിവ സ്ഥാപിക്കുകയും പകൽവീട്, പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി, കുടുംബശ്രീക്ക് വിപണന കേന്ദ്രം എന്നിവയും പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങുകയും ഭിന്നശേഷിക്കാർക്കുള്ള കലോത്സവം എന്നിവയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വാട്ടർ ടാങ്ക്, ആശ്രയ ഭവന നിർമ്മാണം എന്നിവയും പുതുതായി നടപ്പിലാക്കിയ പദ്ധതികളാണ്.

**12. കട്ടപ്പന**

കട്ടപ്പന നഗരസഭയിൽ പി.എം.എ.വൈ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 489 വീടുകളുടെ നിർമാണം പൂർത്തീകരിക്കുകയും. 796 വീടുകളുടെ നിർമാണം പുരോഗമിക്കുകയും ചെയ്യുന്നു. നഗരസഭയെ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനായി കോട്ടൺ ക്യാരി ബാഗ് യുണിറ്റ്, മാലിന്യത്തിൽ നിന്നും ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റ്, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനും മെയിന്റനൻസിനുമായി അ ടാട്ട് മോഡൽ പദ്ധതി എന്നിവയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും നഗരത്തിലെ മുഴുവൻ കിണറുകളും റീച്ചാർജ് ചെയ്യുന്നതിനുള്ള പദ്ധതി പൂർത്തീകരിക്കുകയും ചെയ്തു.

(signature)
സെക്ഷൻ ഓഫീസർ